# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATSR(P14)/212/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 10/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATSR(P14)/212/2023 തീയ്യതി: 10/04/2023

## തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീശൻ എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹഗ്രേ) | 27-01-2023 | 04-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-01-2023 | 04-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷോബി. വി.പി ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി സീനത്ത് പി.എ, ഓഡിറ്റ് ഓഫീസർ
ശ്രീ.ജോയ്സൻ സി.ജെ, ഓഡിറ്റർ
ശ്രീ. കൃഷ്ണ രാഹുൽ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം. എസ് മോഹനൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ. ഐ അബ്ദുൾ ജലീൽ | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ആര്യ കെ. വേണു | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. സാന്ദ എം. പരമേശ്വരൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. രജിത കെ. ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. സോമസുന്ദരൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. സെബി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഓമന കെ. ജെ | പ്രധാന അദ്ധ്യാപിക | 01-04-2021 | 31-03-2022 |
| ആശ കെ. ആർ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| രഞ്ജിത്ത് എം. ആർ | വി.ഇ.ഒ (ചേന്നമംഗലം ഗ്രാമപഞ്ചായത്ത്) | 01-04-2021 | 31-03-2022 |
| അൻസു അലക്സ് | വി.ഇ.ഒ (പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്) | 01-04-2021 | 31-03-2022 |
| രതി എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഗിരിജ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-07-2021 |
| ജെസീറ ഹമീദ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-08-2021 | 31-03-2022 |
| അതുല്യ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്ക് പരിശോധന | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 12 | വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 13 | വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-3 |
| 14 | ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-4 |
| 15 | വസ്തുനികുതി കുടിശ്ശിക പൊരുത്തപ്പെടുന്നില്ല | 1-10-5 |
| 16 | വസ്തുനികുതി കുടിശ്ശിക പൊരുത്തപ്പെടുന്നില്ല | 1-10-6 |
| 17 | വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-10-7 |
| 18 | എല്ലാ വരവ് രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 1-10-8 |
| 19 | വാടക DCB കൃത്യമാക്കേണ്ടതാണ് | 1-10-9 |
| 20 | കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തുന്നില്ല | 1-10-10 |
| 21 | മുൻകൂർ തുകകൾ ക്രമീകരിച്ചത് പൊരുത്തപ്പെടുന്നില്ല | 1-10-11 |
| 22 | വസ്തുനികുതിയിനത്തിൽ ക്രമീകരിക്കാനുള്ള **മുൻകൂർ** കൃത്യമല്ല | 1-10-12 |
| 23 | കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-10-13 |
| 24 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-14 |
| 25 | പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല | 1-10-15 |

| | | |
|---|---|---|
| 26 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-16 |
| 27 | ഇൻവെസ്റ്റ്മെന്റുകൾ കണക്കാക്കിയത് വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-10-17 |
| 28 | ക്ലോസിങ് സ്റ്റോക്ക് കൃത്യമാക്കേണ്ടതാണ് | 1-10-18 |
| 29 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-10-19 |
| 30 | മുൻകൂർ തുക ക്രമീകരിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-10-20 |
| 31 | Capital Work In Progress എന്ന ശീർഷകത്തിലെ തുക പൊരുത്തപ്പെടുന്നില്ല | 1-10-21 |
| 32 | Deposit രജിസ്റ്റർ പൂർണ്ണമായി എഴുതി സൂക്ഷിച്ചിട്ടില്ല | 1-10-22 |
| 33 | ലോൺ തിരിച്ചടവ് കൃത്യമാക്കേണ്ടതാണ് | 1-10-23 |
| 34 | വിധവകളുടെ മക്കൾക്ക് വിവാഹ ധനസഹായം തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-10-24 |
| 35 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല | 1-10-25 |
| 36 | ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല | 1-10-26 |
| 37 | വസ്തുനികുതി നിർണ്ണയിച്ച ഈടാക്കാത്തതുമൂലം തനതുഫണ്ടിൽ നഷടം സംഭവിക്കുന്നു | 1-11 |
| 38 | വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിക്കുന്നു | 1-12 |
| 39 | വേക്കൻസി റമിഷൻ ചട്ടവിരുദ്ധമായി അനുവദിച്ചു. | 1-13 |
| 40 | റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല. | 1-14 |
| 41 | വസ്തുനികുതി കുറവായി ഈടാക്കുന്നു | 1-15 |
| 42 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ | 1-16 |
| 43 | വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിട മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. | 1-17 |
| 44 | ലൈസൻസ് ഫീയും മോട്ടോർ ഫീയും കണക്കാക്കിയതിലെ അപാകതകൾ | 1-18 |
| 45 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-19 |
| 46 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയത് സംബന്ധിച്ച് | 1-20 |
| 47 | വാടക ഈടാക്കിയതിലെ അപാകതൾ | 1-21 |
| 48 | മെഡിക്കലാഫീസർ- പി.എച്ച്.സി,നടപ്പിലാക്കിയ പ്രൊജക്റ്റ് - മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല. | 1-22 |
| 49 | ഡെപ്പോസിറ്റ് വർക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-23 |
| 50 | പട്ടികജാതി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- നിർമ്മാണം | 1-24 |

| | | |
|---|---|---|
| | പൂർത്തീകരിച്ചിട്ടില്ല. | |
| 51 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -കെൽട്രോണിനുനൽകിയ നൽകിയ തുകയ്ക്കുള്ള ഉപകരണങ്ങൾ ഭാഗികമായി മാത്രമേ ലഭിച്ചുള്ളൂ. | 1-25 |
| 52 | സോളാർ പാനൽ സ്ഥാപിക്കൽ -നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. | 1-26 |
| 53 | പൊതുടാപ്പുകളുടെ വെള്ളക്കരം അധികം നൽകുന്നു | 1-27 |
| 54 | മരിച്ചയാളുകൾക്ക് പെൻഷൻ നൽകി പോരുന്നു | 1-28 |
| 55 | ജി.എസ്.ടി ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല/ ജി.എസ്.ടി അടവ് ഉറപ്പു വരുത്തിയിട്ടില്ല | 1-29 |
| 56 | വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ലഭ്യമായ മണ്ണിന്റെ വിനിയോഗം സംബന്ധിച്ച് | 1-30 |
| 57 | പ്രൊജ.നം. 168/22 SN മാർക്കറ്റിൽ കെട്ടിട നിർമാണം--പ്രവൃത്തി പൂർത്തീകരണം വൈകിയതിന് ഫൈൻ ₹ 28789-കുറവ് ഈടാക്കി | 1-31 |
| 58 | റോഡു പ്രവൃത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു. | 1-32 |
| 59 | കാലി ബാരലിന്റെ വിലയിന്മേൽ ഈടാക്കിയGSTഇനത്തിലുള്ള തുക GSTവകുപ്പിലേക്ക് അടവാക്കിയിട്ടില്ല. | 1-33 |
| 60 | പ്രൊജ.നം. 113/22 അംഗൻവാടി അറ്റകുറ്റപ്പണി :-- ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല/ ജി.എസ്.ടി അടവ് ഉറപ്പു വരുത്തിയിട്ടില്ല. | 1-34 |
| 61 | 19/22- പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ന്യൂനതകൾ | 1-35 |
| 62 | യുവചേതന ഗ്രാമീണ വായനശാലയ്ക്ക് തുക അധികം നൽകി | 1-36 |
| 63 | പ്രൊജക്റ്റ് നം. 12/21-22 മെഡിക്കലാഫീസർ- ഹോമിയോ,നടപ്പിലാക്കിയ പ്രൊജക്റ്റ് - മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല | 1-37 |
| 64 | ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിലിന് സബ്സിഡി -മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-38 |
| 65 | സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം -അപാകതകൾ | 1-39 |
| 66 | ഇന്റലിജൻസ് പഞ്ചായത്ത് ജി.ഐ.എസ്.മാപ്പിങ്ങ് -അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തിട്ടില്ല. | 1-40 |
| 67 | എസ്.സി ഭവന പുനരുദ്ധാരണം അഡ്വാൻസ് നൽകിയിട്ടും നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. | 1-41 |
| 68 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-42 |
| 69 | ലൈഫ് ഭവന നിർമ്മാണം എസ്.സി.-പരിധിയിലധികം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. 10000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. | 1-43 |
| 70 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-44 |

ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | ലൈഫ് ഭവന നിർമ്മാണം എസ്.സി.-പരിധിയിലധികം നൽകിയ തുക നിരാകരിക്കുന്നു | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ബജറ്റ് / റിവൈസ്ഡ്ബജറ്റ്എന്നിവസംബന്ധിച്ച്

| | | |
|---|---|---|
| പാസ്സാക്കിയതിയതി | 17.02.2021 | |
| കമ്മിറ്റിതീരുമാനം | 1(1) | |
| പ്രതീക്ഷിതവരവ്, ചെലവ്എന്നിവ | വരവ് | ചെലവ് |
| | 310132395 | 305371916 |
| റിവൈസ്ഡ്ബജറ്റ് | | |
| പാസ്സാക്കിയതിയതി<br>കമ്മിറ്റിതീരുമാനം<br><br>റിവൈസ്ഡ്ബജറ്റ് | 4.03.2022 | |
| കമ്മിറ്റിതീരുമാനം | 2 (14) | |
| പ്രതീക്ഷിതവരവ്,<br>ചെലവ്എന്നിവ | വരവ് | ചെലവ് |
| | 283711797 | 281436020 |

ബജറ്റുമായി ബന്ധപ്പെട്ട് ഓഡിറ്റ് കാലയളവിലെ അപാകതകൾ താഴെ ചേർക്കുന്നു

(I) ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല

(Ii) സ.ഉ (ആർ.റ്റി) 3291/16 തി 2-12-16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വർഷാന്ത്യ അവലോകനം നടത്തിയിട്ടില്ല.

( Iii) കേരള പഞ്ചായത്ത് നിയമം 214(7) ആവശ്യപ്പെടുന്നതു പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ല.

മേൽപ്രകാരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 30-07-2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28058299 |
| വരവ് | 136095479 |
| ആകെ | 164153778 |
| ചെലവ് | 134545065 |
| നീക്കിയിരിപ്പ് | 29608713 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം (ACR പ്രകാരം) | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 26000951 | 26000951 | 25203888 | 797063 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10696354 | 10696354 | 10225978 | 470376 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 13993849 | 13993849 | 13178000 | 815849 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 10671850 | 10671850 | 9866689 | 805161 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 17774437 | 17774437 | 12153460 | 5620977 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പിലാക്കിയത് (എണ്ണം) | നടപ്പിലാക്കിയ പദ്ധതി ചെലവ് | നടപ്പിലാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിൻറെ ശതമാനം |
|---|---|---|---|---|---|
| 284 | 63368040 | 234 | 52577460 | 82.97 | 82.39 |

## 1-6 തൊഴിലുറപ്പ് പദ്ധതി

1. തൊഴിലുറപ്പ് പദ്ധതി (പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ളത് )

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 635626 | 747458 | 1383084 | 1383042 | 42 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 35555383 | 35555383 | 35555383 | 0 |
| മെറ്റീരിയൽ കോസ്റ്റ് | - | 1825000 | 1825000 | 1825000 | 0 |
| ആകെ | | | | 38763425 | 42 |

## 1-7 ക്ഷേമപെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 9960 | 3 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4265200 | 257 |
| വിധവാപെൻഷൻ | 28786600 | 1902 |
| വാർദ്ധക്യകാല പെൻഷൻ | 49319300 | 3523 |
| വികലാംഗ പെൻഷൻ | 7704500 | 506 |
| അവിവാഹിത പെൻഷൻ | 1718400 | 111 |
| വിധവകളുടെ പെൺമക്കൾക്ക് ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.01.23 തീയതിയിൽ 3.55 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9974/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. രജിസ്റ്ററുകളും, വൗച്ചറുകളും മറ്റു രേഖകളും ഏറെക്കുറെ നന്നായി സൂക്ഷിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് നന്നായി പ്രവർത്തിച്ചു വരുന്നു. ആസ്തി റജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട് കാണപ്പെട്ട മറ്റു പോരായ്മകൾ ഓഡിറ്റ് റിപ്പോർട്ടിൽ അതത് ഓഡിറ്റ് പരാമർശങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 വാർഷിക കണക്ക് പരിശോധന

2021-22 വർഷത്തെ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 4/31.01.2023)

### 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

### 1-10-2 വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

തൻവർഷം

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 43,96,084 | 43,57,261 | 13,989/- | 24,834 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 43,96,084 | 43,28,016 | 13,989/- | 46,535/- |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-45) | ( 350410101- Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

വസ്തുനികുതി റെസിഡെൻഷ്യൽ ഇനത്തിൽ തൻവർഷവും കുടിശ്ശികയും ചേർത്ത ആകെ തുകയുടെ കാര്യത്തിലേ ഡിമാന്റ്-കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്-അടുത്തവർഷത്തേയ്ക്കുള്ള അഡ്വാൻസ്=ബാലൻസ് എന്ന രീതിയിൽ കൃത്യമാകുകയുള്ളൂ എന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പറഞ്ഞിരിക്കുന്നത്. തൻവർഷവും കുടിശ്ശികയും പ്രത്യേകം ഇപ്രകാരം കൃത്യമാകുന്ന രീതിയിലും രജിസ്റ്ററുമായി പൊരുത്തപ്പെടുന്ന രീതിയിലും അപാകത പരിഹരിക്കേണ്ടതാണ്.

## 1-10-3 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 31,17,406 | 2552619 | 15589 | 549198/- |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 31,17,406 | 2534185 | 1454 | 692018/- |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

വസ്തുനികുതി നോൺറെസിഡെൻഷ്യൽ ഇനത്തിൽ തൻവർഷവും കുടിശ്ശികയും ചേർത്ത ആകെ തുകയുടെ കാര്യത്തിലേ ഡിമാന്റ്-കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്-അടുത്തവർഷത്തേയ്ക്കുള്ള അഡ്വാൻസ്=ബാലൻസ് എന്ന രീതിയിൽ കൃത്യമാകുകയുള്ളൂ എന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പറഞ്ഞിരിക്കുന്നത്. തൻവർഷവും കുടിശ്ശികയും പ്രത്യേകം ഇപ്രകാരം കൃത്യമാകുന്ന രീതിയിലും രജിസ്റ്ററുമായി പൊരുത്തപ്പെടുന്ന രീതിയിലും അപാകത പരിഹരിക്കേണ്ടതാണ്.

## 1-10-4 ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 223176 | 16683 | 224859 | 220882 | 11981 | 232863 | 824 | | 2294 | 4702 | 6996 |
| | നോൺ-റെസിഡൻഷ്യൽ | 156838 | 50518 | 207356 | 128557 | 22591 | 151148 | 797 | | 28281 | 27927 | 56208 |
| | ആകെ | | | 432215 | | | | | | 63204 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 422648 | | | 375043 | | | | 4026 | 65996 | | |
| | | .........+....... =(2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 375043/- രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 349439/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 1,56,838/-രൂപയാണ്(വൗച്ചർ 431100103തീ 11.03.22).

## 1-10-5 വസ്തുനികുതി കുടിശ്ശിക പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3,23,959 | 2,35,620 | 88,339/- |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3,14,205 | 233041 | 93,110/- |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (.........+.........=......../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (.........../105X100)=......., |

കുടിശ്ശിക കൃത്യമാക്കേണ്ടതാണ്

## 1-10-6 വസ്തുനികുതി കുടിശ്ശിക പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1008479 | 451135 | 5,57,344/- |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1029019 | 314693 | 586038/- |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(.........+..........=......../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | **(............/105X100)=..........,ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

ആയത് കൃത്യമാക്കേണ്ടതാണ്

## 1-10-7 വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ 147 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധൂത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധൂത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-8 എല്ലാ വരവ് രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

3.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

3.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.3 ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

3.4 വാടക ഡിമാന്റ് രജിസ്റ്റർ-

3.5 ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ.

3.6 ലൈബ്രറി രജിസ്റ്റർ

3.7 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

3.8 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

3.9 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

1-10-9 വാടക DCB കൃത്യമാക്കേണ്ടതാണ്

വാടക ഡിമാന്റ് കൃത്യമല്ല. മൊത്തം ഡിമാന്റ് തുക 13,85,680/-രൂപയാണ്. ഒഴിവാക്കിയ തുക 5,52,012/-രൂപയാണ്. ആയതു കഴിച്ച് 8,33,668/- രൂപ ഡിമാന്റ് വേണം. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 5,93,265/-രൂപയാണ്. അതായ്ത് ഡിമാന്റിൽ 2,40,403/-രൂപയുടെ കുറവുണ്ട്. അതുപോലെ വാടക കുടിശ്ശിക 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം 5,15,848/- രൂപയാണ്. 2021-22 സാമ്പത്തിക വർഷത്തെ രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ കുടിശ്ശിക 1,79,850/- രൂപയാണ്.മുകളിൽ സൂചിപ്പിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി 90,983/- രൂപ Provision Journal വഴി Arrear ലേക്ക് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചു. ഈ തുക വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാടക ഡി.സി.ബി കൃത്യമാക്കേണ്ടതാണ്.

1-10-10 കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7 ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല.

1-10-11 മുൻകൂർ തുകകൾ ക്രമീകരിച്ചത് പൊരുത്തപ്പെടുന്നില്ല

2020-21 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2021-22 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/21 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2021-22ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues | 309087 | 308253 |

| | | | |
|---|---|---|---|
| | -Property Tax On Residential Building | | |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 113279 | 239394 |

1-10-12 വസ്തുനികുതിയിനത്തിൽ ക്രമീകരിക്കാനുള്ള മുൻകൂർ കൃത്യമല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 3,09,087 | 3,08,253 |

1-10-13 കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011 /ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-10-14 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1550414/-രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12858874/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-10-15 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution” എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല

31/3/2021 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution” എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2022 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution” എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account

പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

1-10-16 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-10-17 ഇൻവെസ്റ്റ്മെന്റുകൾ കണക്കാക്കിയത് വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരവും, രജിസ്റ്റർ പ്രകാരവും 3,32,64,507/- രൂപയാണ് നിക്ഷേപം. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധന നടത്തിയതിൽ നീക്കിയിരിപ്പ് 33,29,59,49/-രൂപയാണ്. ആയതിനാൽ ഇൻവെസ്റ്റുമെന്റുകളുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ കൃത്യമായി ഉൾപ്പെടുത്തേണ്ടതാണ്.

1-10-18 ക്ലോസിങ് സ്റ്റോക്ക് കൃത്യമാക്കേണ്ടതാണ്

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 3,52,171/-രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്.രജിസ്റ്റർ പ്രകാരമുള്ള തുകയുമായി വ്യത്യാസമുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ)).

1-10-19 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/22 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/22 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

1-10-20 മുൻകൂർ തുക ക്രമീകരിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു.

മേൽ പ്രകാരം വികസനഫണ്ട്/(മെയിന്റനൻസ് ഗ്രാന്റ് ഒഴികെ മറ്റ് ഗ്രാന്റുകൾ)-ൽ നിന്നും നല്കിയ മേൽ തുകകൾ 31/3/2022 ൽ ചെലവഴിക്കാത്തതിനാൽ ആയത് B-4 Grants And Contribution For Specific Purpose എന്ന ഷെഡ്യൂളിൽ അനുയോജ്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-10-21 Capital Work In Progress എന്ന ശീർഷകത്തിലെ തുക പൊരുത്തപ്പെടുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 4127950/- രൂപയാണ്. എന്നാൽ 31/3/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 12,92,267/-രൂപ യാണ്.

## 1-10-22 Deposit രജിസ്റ്റർ പൂർണ്ണമായി എഴുതി സൂക്ഷിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രിക പ്രകാരം 460500205-Advance To Implemeting Agencies-Deposit PWDഎന്ന ശീർഷകത്തിൽ 2,29,000/-രൂപയുണ്ട്. അതുപോലെ 460600199-other Depositഎന്ന ശീർഷകത്തിൽ 21,702/-രൂപയുണ്ട്. ആയത് Deposit Register-ൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-10-23 ലോൺ തിരിച്ചടവ് കൃത്യമാക്കേണ്ടതാണ്

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം ഹഡ്കോ ലോൺ ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുക ലോൺ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ആയത് കൃത്യമാക്കേണ്ടതാണ്

## 1-10-24 വിധവകളുടെ മക്കൾക്ക് വിവാഹ ധനസഹായം തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല

വിധവകളുടെ മക്കൾക്ക് വിവാഹ ധനസഹായം 5 പേർക്ക് 30,000/- രൂപ നിരക്കിൽ 1,50,000/- രൂപ നൽകി. ആയത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല.

## 1-10-25 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 36938425/-രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 1161124/- രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | Road-puthuveetil | 108052/- |
| 2 | Road-purakulath Basheer | 131261/- |
| 3 | Road-kurikattil Shajil | 60995/- |
| 4 | Kana | 396046 |
| 5 | Kana | 350826/- |
| 6 | Road-padiyath Moopan | 113944/- |

ബാലൻസ് ഷീറ്റിലെ MNREGS കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും (1825000/-)വ്യത്യാസമുണ്ട്.

## 1-10-26 ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല

2021-22 വർഷത്തെ Income And Expenditureപത്രിക പ്രകാരം ( 1-17(A) 79,37,845/-രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-11 വസ്തുനികുതി നിർണ്ണയിച്ച ഈടാക്കാത്തതുമൂലം തനതുഫണ്ടിൽ നഷ്ടം സംഭവിക്കുന്നു

1. അപേക്ഷ നം.എ1-6378/20 തി.05.11.20 പ്രകാരം ശ്രീ.ഷഹർബാൻ,പുത്തൻവീട്ടിൽ ഹൗസ്,കൈപ്പമംഗലം എന്നരുടെ 252.60 ച.മീറ്റർ വരുന്ന വാണിജ്യകെട്ടിടം ക്രമവത്ക്കരിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണം 05.11.20 -ാം തിയ്യതി പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടം നാളിതുവരെ ക്രമവത്ക്കരിച്ചിട്ടില്ല.ഈ കെട്ടിടത്തിന് UA നമ്പർ നൽകി വസ്തുനികുതി നാളിതുവരെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 8/1.2.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന

തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ഈ കെട്ടിടത്തിന്റെ 2020-21 l രണ്ടാം അർദ്ധവർഷം, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ വസ്തുനികുതി കണക്കാക്കി, ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

2. അപേക്ഷ നം.SC1/2616/21 തി.08.12.21 പ്രകാരം ഉമ്മർ, പൊന്നകുഴി ഹൗസ്, ആല എന്നവരുടെ 197.30 ച.മീറ്റർ വിസ്തൃതിയിലുള്ള വാണിജ്യ കെട്ടിടം ക്രമവത്ക്കരിച്ച് കെട്ടിട നമ്പർ(11/500A മുതൽ Hവരെ) നൽകിയിട്ടുണ്ട്. 182.16 ച.മീറ്റർ വിസ്തൃതിയ്ക്ക് മാത്രമാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ബാക്കി വരുന്ന 15.14 ച.മീറ്റർ വിസ്തൃതിയ്ക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 8/1.2.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ആയതിന് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്

3. അപേക്ഷ നം.SC1/2062/21 തി.22.11.21 പ്രകാരം പ്രസിഡന്റ്,വെക്കോട്ട് ജുമാ മസ്ജിദ്,വെമ്പാലൂർ എന്നവരുടെ 112.69 ച.മീറ്റർ വിസ്തൃതിയിലുള്ള വാണിജ്യ കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം 18.11.21-ാം തിയ്യതിയിലാണ്. കെട്ടിടം നാളിതുവരെ ക്രമവത്ക്കരിച്ചിട്ടില്ല. ഈ കെട്ടിടത്തിന് UA നമ്പർ നൽകി വസ്തുനികുതി നാളിതുവരെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 8/1.2.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 8/1.2.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ കെട്ടിടത്തിന്റെ 2021-22 രണ്ടാം അർദ്ധവർഷം, 2022-23 സാമ്പത്തിക വർഷങ്ങളിലെ വസ്തുനികുതി കണക്കാക്കി, ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

4.അപേക്ഷ നം.എ1-1947/22 തി.02.03.22 പ്രകാരം ശ്രീ.ഷെമി അബ്ദുൾ അസീസ്, മാധവൻകാട്ടിൽ ഹൗസ്, ശാന്തിപുരം എന്നവരുടെ 40 ച.മീറ്റർ വരുന്ന വാണിജ്യകെട്ടിടം ക്രമവത്ക്കരിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണം 02.03.22 -ാം തിയ്യതിയ്ക്ക് മുമ്പ് പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടം നാളിതുവരെ ക്രമവത്ക്കരിച്ചിട്ടില്ല. ഈ കെട്ടിടത്തിന് UA നമ്പർ നൽകി വസ്തുനികുതി നാളിതുവരെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 13/2.2.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ഈ കെട്ടിടത്തിന്റെ 2022-23 സാമ്പത്തിക വർഷങ്ങളിലെ വസ്തുനികുതി കണക്കാക്കി, ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 1-12 വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിക്കുന്നു

സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)231/15/തസ്വഭവ തി.9.7.15 പ്രകാരം കെട്ടിടനമ്പർ അനുവദിക്കുമ്പോൾ വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രം കൂടി വാങ്ങി സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെയാണ് താഴെ പറയുന്ന കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു.

| ക്രമ നം | കെട്ടിട നം | വിസ്തീർണ്ണം(ച.മീ) | ഉപയോഗക്രമം |
|---|---|---|---|
| 1 | 5/338D | 330.41 | താമസം |
| 2 | 14/85 B,C,D | 37 | വാണിജ്യം |

| | | | |
|---|---|---|---|
| 3 | 6/59A To I | 350 | വാണിജ്യം |
| 4 | 10/132 C,D | 49.05 | വാണിജ്യം |
| 5 | 14/109B | 109.95 | വാണിജ്യം |
| 6 | 3/242A | 94.97 | വാണിജ്യം |
| 7 | 11/500A To H | 197.30 | വാണിജ്യം |

വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിച്ചതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 9/01.02.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കേണ്ടതാണ്.

1-13 വേക്കൻസി റമിഷൻ ചട്ടവിരുദ്ധമായി അനുവദിച്ചു.

1. 2021-22 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് വേക്കൻസി റമിഷൻ അനുവദിച്ചിട്ടുണ്ട്

| ക്ര | കെട്ടി നം | ഉടമസ്ഥൻ | ദിവസം | തുക |
|---|---|---|---|---|
| 1 | 7/283U | മുഹമ്മദ് സഗീർ,പൊന്നംപടിക്കൽ | 180 | 106 |
| 2 | 7/283V | | | 95 |
| 3 | 7/283W | | | 98 |
| 4 | 7/283X | | | 103 |
| 5 | 7/283AA | | | 107 |
| 6 | 7/283AC | | | 93 |
| 7 | 12/299D | ഷക്കീല,പറമ്പത്തുകണ്ടി | | 244 |
| 8 | 12/299E | | | 244 |
| 9 | 12/299F | | | 244 |
| 10 | 12/299G | | | 224 |
| 11 | 12/299K | | | 249 |
| 12 | 12/299L | | | 249 |
| 13 | 12/299N | | | 249 |
| 14 | 12/299o | | | 207 |
| 15 | 12/299M | | | 249 |
| 16 | 12/300 | | | 12137 |
| 17 | 12/301 | | | 12137 |
| 18 | I/263 | ജോയ്,കോട്ടപ്പുറം തെക്കേവീട്ടിൽ | | 972 |
| 19 | 4/17A | ശാരി,കരിപ്പാടത്ത് | | 148 |
| 20 | 4/17B | ശാരി,കരിപ്പാടത്ത് | | 213 |
| 21 | 4/17C | ശാരി,കരിപ്പാടത്ത് | | 213 |
| | | | | |

വേക്കൻസി റമിഷൻ അനുവദിച്ച അപേക്ഷകൾ, ഫിനാൻസ് കമ്മിറ്റി തീരുമാനങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 11/ 2.2.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാക്കൻസി റമിഷൻ അനുവദിച്ച അപേക്ഷകൾ, ഫിനാൻസ് കമ്മിറ്റി തീരുമാനങ്ങൾ എന്നിവ ഇല്ലാതെയാണ് വാക്കൻസി റമിഷൻ അനുവദിച്ചിട്ടുള്ളത്. ആയതിനാൽ വേക്കൻസി റമിഷൻ അനുവദിക്കുമ്പോൾ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ക്രമവത്ക്കരണ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

അപേക്ഷ നം.1554/3.11.21 പ്രകാരം ശ്രീ.വിദ്യാസാഗർ റ്റി.കെ, തൈയ്യിൽ ഹൗസ് എന്നവരുടെ 698.42 ച.മീറ്റർ വരുന്ന വാണിജ്യകെട്ടിടം ക്രമവത്ക്കരിച്ച് കെട്ടിനമ്പറുകൾ നൽകിയിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധനയ്ക്ക്

ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 13/2.2.23 നൽകിയെങ്കിലും ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.(2020-21 സാമ്പത്തിക വർഷത്തിൽ ഈ കെട്ടിടത്തെ അനധികൃത കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി V/381A(UA),V/381B(UA) എന്നി കെട്ടിടനമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിരുന്നു).ആയതിനാൽ ക്രമവത്ക്കരണ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-14 റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.

അപേക്ഷ നം.18573/22982 പ്രകാരം ഭാരതി എയർടെൽ എന്ന സ്ഥാപനം സുഗമ സോഫ്റ്റ് വെയർ മുഖേന ഒപ്റ്റിക്കൽ ഫൈബർ എടുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. ROW/1018573 തി.15.11.21 അനുമതിയുടെ അടിസ്ഥാനത്തിലാണ് അപേക്ഷ നൽകിയിട്ടുള്ളത്. 50 മീറ്റർ നീളത്തിലാണ് ഒപ്റ്റിക്കൽ ഫൈബർ എടുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളത്. മുകളിൽ പറഞ്ഞിട്ടുള്ള ഫയൽ പ്രകാരം റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കിയിട്ടുണ്ട്. റീസ്റ്റോറേഷൻ ചാർജ്ജായി 2,79,160.50/-രൂപയും കണക്കാക്കിയിട്ടുണ്ട്. ഈ തുക കമ്മിറ്റി തീരുമാനമെടുത്ത് ഡിമാന്റ് ചെയ്തിട്ടില്ല. ഡിമാന്റ് ചെയ്ത തുക ഭാരതി എയർടെൽ ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടില്ല.പ്രസ്തുത പ്രൊജക്ട് ഉപേക്ഷിക്കുന്നതിന് ഭാരതി എയർടെൽ അറിയിപ്പ് നൽകിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 12/2.2.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ പ്രസ്തുത റോഡിൽ അനുമതിയില്ലാതെ OFC Cable സ്ഥാപിച്ചിട്ടുണ്ടോയെന്ന് എഞ്ചിനിയറിംഗ് വിഭാഗം പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ് . അനധികൃതമായി സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-15 വസ്തുനികുതി കുറവായി ഈടാക്കുന്നു

1. അപേക്ഷ നം.SC1/1332 തി. 27.10.21 പ്രകാരം ശ്രീ.ജിനേഷ്, കിടങ്ങത്ത് ഹൗസ് എന്നവരുടെ 49.05 ച.മീ വാണിജ്യകെട്ടിടം ക്രമവത്ക്കരിച്ച് കെട്ടിടനമ്പർ 10/132C,D എന്നി നമ്പറുകൾ നൽകിയിട്ടുണ്ട്. കെട്ടിടത്തിന് 2022-23 സാമ്പത്തിക വർഷത്തെ ഒന്നാം അർദ്ധവർഷം മുതൽക്കാണ് വസ്തുനികുതി പ്രാബല്യത്തിലുള്ളത്. ക്രമവത്ക്കരണത്തിനുള്ള അപേക്ഷ 27.10.21-ാം തിയ്യതിയാണ്. ആയതിനാൽ എന്തുകൊണ്ടാണ് 2021-22 രണ്ടാം അർദ്ധ വർഷം മുതൽ ഒക്യുപ്പൻസി നൽകി വസ്തുനികുതി ഈടാക്കാതിരുന്നത് എന്നതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 8/1.2.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ 2021-22 രണ്ടാം അർദ്ധ വർഷം മുതൽ ഈ കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കേണ്ടതാണ്.

2. ശ്രീ.ജിനേഷ്,കിടങ്ങത്ത് ഹൗസ് എന്നവരുടെ 600.76 ച.മീ വിസ്തൃതി വരുന്ന വാണിജ്യകെട്ടിടത്തിന് കെട്ടിടനമ്പർ 10/132A,B നമ്പറുകൾ നൽകിയിട്ടുണ്ട്. കെട്ടിടത്തിന് 2019-20 സാമ്പത്തിക വർഷത്തിലാണ് നമ്പറുകൾ അനുവദിച്ചിട്ടുള്ളത്. കെട്ടിടത്തിന് 100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യകെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി നിരക്കായ 50/-രൂപ/ച.മീ എന്ന നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. കെട്ടിടത്തിൽ ചൈതന്യസൂപ്പർമാർക്കറ്റാണ് പ്രവർത്തിച്ചുവരുന്നത്. 200 ച.മീറ്ററിന് മുകളിലുള്ള സൂപ്പർമാർക്കറ്റ്/മാളുകൾ എന്നിവയുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് 70/-രൂപ/ച.മീറ്ററാണ്. അതുപോലെ 250ച.മീറ്ററിന് മുകളിൽ അടിത്തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ 15% വർദ്ധനവ് ആവശ്യമാണ്.ആയത് വസ്തുനികുതി നിർണ്ണയിച്ചതിൽ കണക്കാക്കിയിട്ടില്ല. ആയതിനാൽ എന്തുകൊണ്ടാണ് 10/132A,B എന്നി കെട്ടിടങ്ങൾക്ക് 70/-രൂപ/ച.മീറ്റർ എന്ന നിരക്ക് നൽകി വസ്തുനികുതി നിർണ്ണയിക്കാതിരുന്നത് എന്നതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 8/1.2.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ കെട്ടിടത്തിന് അനുബന്ധമായി നിർമ്മിച്ചിട്ടുള്ള കെട്ടിടനമ്പർ 10/132C,D എന്നി കെട്ടിടങ്ങൾക്ക് 30/-രൂപ /ച.മീറ്റർ എന്ന നിരക്ക് നൽകിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ആയതിനാൽ 2019-20 സാമ്പത്തിക വർഷത്തിൽ നമ്പറിട്ട കെട്ടിട നമ്പർ 10/132A,B,അതുപോലെ 2021-22 സാമ്പത്തിക വർഷത്തിൽ പണി പൂർത്തീകരിച്ച 10/132C,D എന്നി കെട്ടിടങ്ങൾക്ക് 70/-രൂപ/ച.മീറ്റർ എന്ന നിരക്കിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

### 1-16 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ (പി). നം. 80/ 2017/ ത.സ്വ.ഭ.വ ഉത്തരവ്, എസ്.ആർ.ഒ. നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം എന്നിവയനുസരിച്ച് മൈക്രോ, മിനി, സ്മാൾ,

മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. പ്രസ്തുത ഉത്തരവ് പ്രകാരം ഏറ്റവും കുറഞ്ഞ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി തുക 500 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 100,200,300, എന്നിങ്ങനെ വ്യത്യസ്തമായ നിരക്കുകൾ ലൈസൻസ് ഫീ ആയി ഈടാക്കി വരുന്നു. ഏകദേശം 278 സ്ഥാപനങ്ങൾക്ക് 100 രൂപയും 184 സ്ഥാപനങ്ങൾക്ക് 200 രൂപയും ആണ് ലൈസൻസ് ഫീ ആയി ഈടാക്കി വരുന്നത്. പ്രസ്തുത നിരക്കുകൾ ഈടാക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ടുള്ള ഭരണസമിതി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.27/04.02.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല. ചട്ട വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ഗ്രാമപഞ്ചായത്ത് നിയമ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ലൈസൻസ് നൽകൽ നടപടിക്രമങ്ങളിൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പാലിക്കപ്പെടുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിട മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ വാടകയ്ക്ക് നൽകിയിട്ടുള്ള 72 കെട്ടിട മുറികളിൽ പല മുറികൾക്കും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. വാർഡ് 5 ലെ താഴെ പറയുന്ന കടമുറികൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നം.27/04.02.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം. | കെട്ടിട നം. | ക്രമ നം. | കെട്ടിട നം. | ക്രമ നം. | കെട്ടിട നം. | ക്രമ നം. | കെട്ടിട നം. |
|---|---|---|---|---|---|---|---|
| 1. | 468 | 6. | 490 | 11. | 515 | 16. | 527 |
| 2. | 470 | 7. | 492 | 12. | 518 | 17. | 528 |
| 3. | 476 | 8. | 494 | 13. | 520 | 18. | 530 /A,B |
| 4. | 481 | 9. | 500 | 14. | 521 | 19. | 498 /A,B,C,D |
| 5. | 489 | 10. | 514 | 15. | 522 | 20. | 487/D |

ഗ്രാമപഞ്ചായത്തിന്റെ അനുമതി കൂടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ KPR ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പ്രസ്തുത കടമുറികളിലെ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം ചട്ട പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 ലൈസൻസ് ഫീയും മോട്ടോർ ഫീയും കണക്കാക്കിയതിലെ അപാകതകൾ

1) ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള കടമുറികളുടെ ലൈസൻസിനായുള്ള അപേക്ഷയും മറ്റു അനുബന്ധ രേഖകളും ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും താഴെ പറയുന്ന കടമുറികളുടെ അപേക്ഷകളും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം.. | ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. |
|---|---|---|---|---|---|
| 1. | 18 | 6. | 556 | 11. | 9 |
| 2. | 102 | 7. | 7 | 12. | 104 |
| 3. | 123 | 8. | 14 | 13. | 120 |
| 4. | 555 | 9. | 149 | 14. | 604 |
| 5. | 633 | 10. | 169 | 15. | 605 |

2) പരിശോധിച്ച അപേക്ഷകളിൽ പലതിലും മോട്ടോർ ഫീയും ലൈസൻസ് ഫീയും തെറ്റായാണ്

അടവാക്കിയിരിക്കുന്നത്.

ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | കെട്ടിട നം./ സ്ഥാപന ഉടമയുടെ പേര് | മോട്ടോർ ശക്തി | മോട്ടോർ ഫീസ് | |
|---|---|---|---|---|---|
| | | | | അടവാക്കിയത് | അടവാക്കേണ്ടിയിരുന്നത് |
| 1. | 268 | അജിത് ശിവരാമ പണിക്കർ | 10 HP | 0 | 100 |
| 2. | 313 | 2/312/C ദാനെ അലിയാസ് | 120 HP | 1000 | 2000 |
| 3. | 346 | 8/387 മുഹമ്മദ് സഗീർ | 8 HP | 0 | 100 |
| 4. | 433 | 7 / 5 ,6 ഷൈന | 20 HP | 0 | 200 |

3) 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ ലൈസൻസിനായി സമർപ്പിച്ച ഭൂരിഭാഗം അപേക്ഷകളിലും മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങളും ജീവനക്കാരുടെ എണ്ണവും ചേർത്തിട്ടില്ല. ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താതെ ലൈസൻസ് ഫീ കണക്കാക്കിയത് എങ്ങനെ എന്ന് വ്യക്തമല്ല.

ലൈസൻസ് രജിസ്റ്ററിലെ ക്രമനമ്പർ 245 (കെട്ടിട നമ്പർ 21/528) രേഖപ്പെടുത്തിയിട്ടുള്ള പെറ്റ് ബോട്ടിൽ നിർമിക്കുന്ന മദീന പെറ്റ് എന്ന സ്ഥാപനം ലൈസൻസ് അപേക്ഷയിൽ 30 ലക്ഷം രൂപയാണ് മൂലധനമായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ലൈസൻസ് ഫീ ആയി ഈടാക്കേണ്ടിയിരുന്ന ആയിരം രൂപയ്ക്ക് പകരം 300 രൂപയാണ് ഈടാക്കിയിട്ടുള്ളത്. അപേക്ഷകൾ കൃത്യമായി സൂക്ഷിച്ച് വെക്കുന്നതിനും അപേക്ഷയിൽ തന്നിരിക്കുന്ന പ്രകാരം മോട്ടോർ ഫീയും ലൈസൻസ് ഫീയും ശരിയായി കണക്കാക്കി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 27/04.02.2023)

## 1-19 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

1 .കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമ. നം. | പേര് | ക്രമ. നം. | പേര് |
|---|---|---|---|
| 1. | രഞ്ജിത്ത് ടി | 11. | രാജീവ് വി ഡി |
| 2. | കാസിം പി എ | 12. | സജീവൻ പി എ |
| 3. | ശ്രീരാജ് ടി | 13. | സത്യൻ കെ വി |
| 4. | അശോകൻ | 14. | ഗോപി പി ഡി |
| 5. | സജീവൻ | 15. | ഷാജി എസ് എസ് |

| | | | |
|---|---|---|---|
| 6. | റഫീഖ് വി എച്ച് | 16. | സിഹാസ് ടി എം |
| 7. | ലാലു | 17. | മുഹമ്മദ് സക്കീർ പി എ |
| 8. | ഹാഷിം എംഎം | 18. | സിദ്ധാർത്ഥൻ സി വി |
| 9. | സജിൽ എംഎസ് | 19. | വസുദേവൻ സി ആർ |
| 10. | റിതിൻ ബാബു | | |

അസി.എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതു പ്രകാരം 2021-22 വർഷ കാലയളവിൽ പഞ്ചായത്തിൽ കരാറുകാരായി പ്രവർത്തിച്ച കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

2. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021 - 22 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) അസ്മാബി കോളേജ്
2) ബിഎസ്എൻഎൽ എസ് എം പുരം
3) സപ്ലൈകോ സൂപ്പർമാർക്കറ്റ്
4) ക്ഷീര വികസന സംഘങ്ങൾ

